കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 21 | ജൂലായ് 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 കാർഷികമേഖലയുടെ വികസനത്തിന് ദ്വിതീയ കാർഷികരംഗം ശക്തിപ്പെടണം : കൃഷിമന്ത്രി പി പ്രസാദ്

5 നവീകരിച്ച കയ്യൂർ ചീമേനി സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം കൃഷിമന്ത്രി പി പ്രസാദ് നിർവ്വഹിച്ചു

7 പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തുന്നതിലൂടെയാണ് നമ്മൾ സ്മാർട്ട് ആകുന്നത് – കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ്

## രാജ്യത്തിന്റെ ഏറ്റവും പ്രമുഖമായ ട്രഷറി വിത്തുകളാണ് : കൃഷിമന്ത്രി പി പ്രസാദ്

ഒരു രാജ്യത്തിന്റെ ഏറ്റവും പ്രമുഖമായ ട്രഷറി വിത്തുകളാണെന്നും വിത്തുകളുടെ അവകാശം പൂർണമായും കർഷകന്റെ കയ്യിൽ തന്നെ ആകണമെന്നും കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് വിത്ത് ഗ്രാമം പദ്ധതി വഴി ഉല്പാദിപ്പിച്ച നെൽവിത്ത് വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിർവഹിച്ച സംസാരിക്കുകയായിരുന്നു മന്ത്രി.




കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പ്രധാന നെൽ വിത്തിനങ്ങളായ ഉമയും ജ്യോതിയും ബഹിരാകാശത്ത് വരെ എത്തിക്കാൻ സാധിച്ചുവെന്നും മണ്ണിൽ താരമായ ഉമ വിത്ത് ഇന്ന് വിണ്ണിൽ താരമായിരിക്കുകയാണെന്നും മന്ത്രി പറഞ്ഞു. കേരള



ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. വി. കൃഷ്ണദാസ്
അസോസിയേറ്റ് എഡിറ്റർ - മന്ദ കെ.ജി.
അസിസ്റ്റന്റ് എഡിറ്റർ - സുജിത്ത് എസ്.എസ്.

ത്തിന് അനുയോജ്യമായ വിത്തിനങ്ങൾ നമ്മുടെ നാട്ടിൽ നിന്നുതന്നെ ഉത്പാദിപ്പിക്കുവാൻ കഴിയണമെന്നും മന്ത്രി കൂട്ടിച്ചേർത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി അധ്യക്ഷത വഹിച്ചു. ഗുണമേന്മയുള്ള നെൽവിത്ത് പ്രാദേശികമായി ലഭ്യമാക്കുന്നതിന് വേണ്ടി ജില്ലാ പഞ്ചായത്ത് 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് 'വിത്ത് ഗ്രാമം' എന്ന പേരിൽ നെൽവിത്ത് ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചത്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിർദേശാനുസരണം മാവേലിക്കര നൂറനാട് ഭാഗത്തുള്ള പാടശേഖരങ്ങളിലാണ് വിത്ത് ഉല്പാദനം നടത്തുന്നത്. അറുന്നൂറ്റിമംഗലം സംസ്ഥാന വിത്തുല്പാദന കേന്ദ്രത്തിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്. നഗരസഭ വൈസ് ചെയർപേഴ്സൺ പി എസ് എം ഹുസൈൻ മന്ത്രിയിൽ നിന്ന് വിത്ത് ഏറ്റുവാങ്ങി.

ഒരു ലക്ഷം പച്ചക്കറിത്തൈ വിതരണ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ് നിർവഹിച്ചു. ആര്യാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ ഷീന സനൽകുമാർ പച്ചക്കറിത്തൈകൾ ഏറ്റുവാങ്ങി. ജില്ലാ പഞ്ചായത്ത് സ്ഥിരംസമിതി അധ്യക്ഷരായ ബിനു ഐസക്ക് രാജു, ടി എസ് താഹ, നൂറനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്വപ്ന സുരേഷ്, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ആർ റിയാസ്, ഹേമലത മോഹൻ, ഫാംസ് അഡീഷണൽ ഡയറക്ടർ തോമസ് സാമുവൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ സി അമ്പിളി, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കാർഷികമേഖലയുടെ വികസനത്തിന് ദ്വിതീയ കാർഷികരംഗം ശക്തിപ്പെടണം : കൃഷിമന്ത്രി പി പ്രസാദ്



കേരളത്തിന്റെ കാർഷിക മേഖലയുടെ സാമ്പത്തിക വികാസത്തിന് വിളകൾ ഉത്പാദിപ്പിക്കുകയെന്നുള്ള പ്രാഥമികമായ പ്രവർത്തനത്തിന് പുറമേ ഈ വിളകളെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യാൻ കഴിയുന്ന ദ്വിതീയ കാർഷികരംഗം കൂടി ശക്തിപ്പെടേണ്ടതുണ്ടെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പാലാ രൂപത മുണ്ടുപാലം സ്റ്റീൽ ഇന്ത്യ ക്യാമ്പസ്സിൽ നിർമ്മിച്ച സാന്തോം ഫുഡ് ഫാക്ടറിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കർഷകന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവണമെങ്കിൽ വിപണിക്കനുസൃതമായ വിളകൾ ഉത്പാദിപ്പിക്കാൻ സാധിക്കണം. കാർഷിക ഉൽപ്പന്നങ്ങൾ കർഷകന്റെ പങ്കാളിത്തത്തോടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ആക്കി മാറ്റുകയും അതിന്റെ വില നിശ്ചയിക്കാനുള്ള അവകാശം കർഷകന് ലഭ്യമാവുകയും വേണം. മാർക്കറ്റിങ്ങിലും വിപണനത്തിലും കൃത്യമായ ഇടപെടൽ സാധ്യമാകണമെന്നും അദ്ദേഹം പറഞ്ഞു. വളരെ വ്യത്യസ്തമാർന്ന ഭൂപ്രകൃതിയാണ് കേരളത്തിന്റേത്. വിളയെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതികൾക്ക് പകരം വിളയിടത്തെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളാണ് കേരളത്തിന് അനുഗുണമായത്. ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം എന്ന പദ്ധതിയിലൂടെ 4000ത്തിലധികം കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിച്ചു. ഉൽപ്പന്നങ്ങളുടെ മികവാർന്ന പാക്കിങ്ങിനായി കർഷകർക്ക് പാക്കിങ്ങിൽ പരിശീലനം നൽകി. ഗുണമേന്മയുടെ അടിസ്ഥാനത്തിൽ കാർഷിക ഉത്പന്നങ്ങൾ കേരളാഗ്രോ എന്ന ബ്രാൻഡിൽ വിപണനം നടത്താൻ ആരംഭിക്കുകയും സഹകരണ സ്ഥാപനങ്ങളുടെയും, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനികളുടെയും, കൃഷിക്കൂട്ടങ്ങളുടെയും സഹകരണത്തോടെ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ ആരംഭിച്ചതായും മന്ത്രി പറഞ്ഞു. സമ്മേളന ഉദ്ഘാടനം സഹകരണ തുറമുഖ ദേവസ്വം വകുപ്പ് മന്ത്രി വി വാസവൻ നിർവ്വഹിച്ചു. രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിന് കാർഷിക മേഖല ശക്തിപ്പെടേണ്ടത് അനിവാര്യമാണ്. കാർഷികമേഖലയിലെ വികസനം വ്യാവസായിക വിപ്ലവം സൃഷ്ടിക്കുമെ

ന്നം മന്ത്രി പറഞ്ഞു.

സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം കേരളത്തിന്റെയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെയും സാമ്പത്തിക സഹായത്തോടെ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി പ്രൊമോട്ട് ചെയ്യുന്ന പാലാ സാന്തോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയാണ് ഫാക്ടറി ആരംഭിച്ചത്. ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം പി മാരായ ജോസ് കെ മാണി, ഫ്രാൻസിസ് ജോർജ്ജ്, എംഎൽഎ മാരായ മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, മാണി സി കാപ്പൻ, മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ, വികാരി ജനറൽ സെബാസ്റ്റ്യൻ വേത്താനത്ത്, എസ്എഫ്എസി മാനേജിങ് ഡയറക്ടർ എസ് രാജേഷ്കുമാർ, നബാർഡ് ജില്ലാ മാനേജർ റെജി വർഗീസ്, ജില്ലാ കൃഷി ഓഫീസർ ജോ ജോസ് സി, വ്യവസായ വകുപ്പ് ജില്ലാ ജനറൽ മാനേജർ വി ആർ രാജേഷ്, എസ് എച്ച് എം ഡെപ്യൂട്ടി ഡയറക്ടർ ലെൻസി തോമസ്, കെവികെ കോട്ടയം പ്രോഗ്രാം കോർഡിനേറ്റർ ജി ജയലക്ഷ്മി, പാലാ സാന്തോം എഫ് പി ഒ ഡയറക്ടർ ഫാ.തോമസ് കിഴക്കേൽ, ചെയർമാൻ സിബി മാത്യു കണിയാംപടി എന്നിവർ സംസാരിച്ചു. രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ സ്മരണാർഥം 75 മാതൃകാ കർഷകരെ ആദരിച്ചു.



**കൃഷി സമൃദ്ധി പദ്ധതി പ്രകാരം കോതമംഗലം മുൻസിപ്പാലിറ്റി തലത്തിൽ രൂപീകരിച്ച 'കൃഷിക്കൂട്ട ഫെഡറേഷന്റെയും ഞാറ്റുവേല ചന്തയുടേയും ഉദ്ഘാടനം കോതമംഗലം എംഎൽഎ ആന്റണി ജോൺ നിർവ്വഹിച്ചു. ഞാറ്റുവേല ചന്തയിൽ തെങ്ങിൻ തൈകൾ, ഫലവൃക്ഷതൈകൾ പച്ചക്കറി തൈകൾ എന്നിവ വില്പനക്കായി എത്തിയിരുന്നു. സംസ്ഥാനത്ത് തെരെഞ്ഞെടുത്ത 107 കൃഷിഭവനുകളിൽ കൃഷി സമൃദ്ധി പദ്ധതി നടപ്പിലാക്കുന്നുണ്ട്.**








# കേര പദ്ധതി: നെൽകൃഷി മേഖലയിലെ പ്രവർത്തനങ്ങൾ IRRI-യുമായി സഹകരിച്ച് നടപ്പിലാക്കും

## കേരയും IRRIയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചു



സംസ്ഥാനത്ത് കാലാവസ്ഥ അനുരൂപക കൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വേൾഡ് ബാങ്ക് സഹായത്തോടെ കേരളത്തിൽ നടപ്പിലാക്കുന്ന കേര പദ്ധതിയിലെ ഒരു സുപ്രധാന ഘടകമായ കുറഞ്ഞ മലിനീകരണതോതിലുള്ള നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ അന്താരാഷ്ട്ര നെല്ല് ഗവേഷണ സ്ഥാപനവുമായി (ഐ.ആർ.ആർ.ഐ.) സുപ്രധാന കരാറിൽ ഒപ്പുവച്ചു. കേര അഡീഷണൽ പ്രോജക്ട് ഡയറക്ടർ ഡോ. വിഷ്ണുരാജ് പി ഐ.എ.എസും ഐ.ആർ.ആർ.ഐയിലെ ഗവേഷണ ഡയറക്ടർ ഡോ. വീരേന്ദർ കുമാറും കരാറിൽ ഒപ്പുവച്ചു. കേരളത്തിലെ പ്രത്യേക കാലാവസ്ഥയെ പ്രതിരോധിക്കുന്നതും നൂതനവുമായ നെൽകൃഷി രീതികൾ വികസിപ്പിക്കാനും അത് കർഷകരിലേക്ക് എത്തിക്കാനും ഈ കരാറിലൂടെ വഴിയൊരുങ്ങും. നെൽകൃഷിയിൽ കുറഞ്ഞ മീഥേൻ എമിഷൻ പാക്കേജുകൾ (LEP-കൾ) വികസിപ്പിക്കൽ, ഡിജിറ്റൽ ജല മാനേജ്മെന്റ് സംവിധാനങ്ങളുടെ പ്രോത്സാഹനം, നെൽകൃഷിയിലെ ജല ഉപയോഗ കാര്യക്ഷമത മെച്ചപ്പെടുത്തുക, കാർഷിക ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

"കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന കൃഷിയിലേക്കുള്ള നമ്മുടെ യാത്രയിലെ ഒരു നാഴികക്കല്ലാണ് ഐആർആർഐയുമായുള്ള ഈ സഹകരണം. വിള ഉൽപാദനക്ഷമതയിൽ വിട്ടുവീഴ്ച ചെയ്യാതെ ജല ഉപയോഗം വർദ്ധിപ്പിക്കുന്നതിൽ ഐ.ആർ.ആർ.ഐയുടെ ജലസംരക്ഷണ ഇടപെടലുകൾ നിർണായകമാണ്. കാർബൺ വ്യാപാര സംവിധാനങ്ങളിൽ ഭാവിയിലെ പങ്കാളിത്തത്തിനും ഈ സുസ്ഥിര സാങ്കേതികവിദ്യകൾ വഴിയൊരുക്കും," ധാരണാപത്രം ഒപ്പുവയ്ക്കൽ ചടങ്ങിൽ ഡോ. വിഷ്ണുരാജ് പി ഐ.എ.എസ്. പറഞ്ഞു. കേരള കാർഷിക സർവകലാശാല (KAU), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM), പാടശേഖര സമിതികൾ, വാട്ടർ യൂസർ അസോസിയേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവത്തനങ്ങളിൽ ഭാഗമാകും.

പാലക്കാട് ജില്ലയിൽ കനാൽ ജലസേചനമുള്ള ഉയർന്ന പ്രദേശങ്ങളും തൃശ്ശൂരിലെ കോൾ തണ്ണീർത്തടങ്ങളും ഉൾപ്പെടെ പ്രധാന നെല്ല് ഉൽപ്പാദിപ്പിക്കുന്ന മേഖലകളിലെ 45,000 കർഷകരെ ലക്ഷ്യമിട്ട് 22,000 ഹെക്ടറിലധികം സ്ഥലത്ത് പദ്ധതി നടപ്പിലാക്കും. കേരളത്തിലെ കാർഷിക ഭൂപ്രകൃതിയിൽ മീഥേൻ ബഹിർഗമനത്തിന് ഗണ്യമായ സംഭാവന നൽകുന്ന ഈ പ്രദേശങ്ങളിൽ ആൾട്ടർനേറ്റ് വെറ്റിംഗ് ആൻഡ് ഡ്രൈയിംഗ് (എഡബ്ല്യുഡി) ജലസേചന സാങ്കേതിക വിദ്യകൾ, ഡിജിറ്റൽ നിരീക്ഷണം, സുസ്ഥിര കാർഷിക രീതികൾ എന്നിവ നടപ്പിലാക്കുന്നതിലൂടെ കേരളത്തെ ഇന്ത്യയിലെ കുറഞ്ഞ എമിഷൻ നെൽകൃഷിയുള്ള സംസ്ഥാനമാക്കാനാണ് ലക്ഷ്യം. ഐ.ആർ.ആർ.ഐ., കോർണൽ യൂണിവേഴ്സിറ്റി, കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കെഐആർഎസ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (എസ്പിഎംയു) എന്നിവിടങ്ങളിലെ വിദഗ്ധർ ഒപ്പുവയ്ക്കൽ ചടങ്ങിൽ പങ്കെടുത്തു.

# നവീകരിച്ച കയ്യൂർ ചീമേനി സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം കൃഷിമന്ത്രി പി പ്രസാദ് നിർവ്വഹിച്ചു



ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ വിഷ രഹിതമായ പഴം പച്ചക്കറി, ധാന്യവർഗ്ഗങ്ങൾ എന്നിവ നാം തന്നെ ഉല്പാദിപ്പിക്കേണ്ടതാണ്. സൗകര്യങ്ങൾ എല്ലാം തന്നെ വർദ്ധിച്ച ആധുനിക ജീവിതത്തിൽ മനുഷ്യനു കൈമോശം വന്നിരിക്കുന്ന ഒന്നാണ് ആരോഗ്യം. ഐ.സി.എം. ആർ.ന്റെ കണക്കനുസരിച്ച് 56.4 ശതമാനം രോഗങ്ങളും വിഷലിപ്തവും തെറ്റായതുമായ ഭക്ഷണക്രമത്തിൽ നിന്നാണ് ഉണ്ടാവുന്നത്. കൃഷിമന്ത്രി പി പ്രസാദ് അഭിപ്രായപ്പെട്ടു.

സ്മാർട്ട് കൃഷിഭവൻ പദ്ധതി പ്രകാരം നവീകരിച്ച കയ്യൂർ ചീമേനി സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി.

കാർഷിക സേവനങ്ങൾ കാര്യക്ഷമവും സുതാര്യവുമായി കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആരംഭിച്ച സ്മാർട്ട് കൃഷിഭവൻ പദ്ധതി സംസ്ഥാനത്ത് മുഴവൻ ഘട്ടം ഘട്ടമായി നടപ്പിലാക്കുമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു.



കർഷകർക്ക് വിളയുടെ ആരോഗ്യം പരിശോധിക്കുന്നതിനായി വിള ആരോഗ്യ ക്ലിനിക് അപേക്ഷകൾ നൽകാനും വിവരങ്ങൾ അറിയാനുമുള്ള ഫ്രണ്ട് ഓഫീസ്, എക്കോ ഷോപ്പ്, ബയോ ഫാർമസി, ആധുനിക ഡിജിറ്റൽ സേവനങ്ങൾ, തുടങ്ങിയ നിരവധി സേവനങ്ങൾ സ്മാർട്ട് കൃഷിഭവനകളിൽ നിന്നും ലഭ്യമാകുന്ന വിധമാണ് സ്മാർട്ട് കൃഷിഭവൻ വിഭാവനം ചെയ്തിരിക്കുന്നത്.

ആധുനിക സാങ്കേതിക വിദ്യയുടെ പുരോഗതിക്കൊപ്പം കാർഷികമേഖലയെ ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായാണ് കേരളത്തിലെ മുഴവൻ കൃഷിഭവനകളെയും സ്മാർട്ട് കൃഷിഭവനുകൾ ആക്കുന്നത്. ഡ്രോണുകൾ ഉപയോഗിച്ച് വിത്തിടുന്നത് മുതൽ വളപ്രയോഗം കീടനാശിനി പ്രയോഗം എന്നിവ വരെ സാധ്യമാക്കു



ന്നതിനും അവയുടെ പ്രായോഗിക പരിശീലനം ലഭിക്കുന്നതിനും സാധിക്കും. ലോകത്ത് ഉണ്ടാകുന്ന ആധുനിക മാറ്റങ്ങളെ സാധാരണ കർഷകനിലേക്ക് എത്തിക്കുന്നതിനും മാറ്റങ്ങൾ ഉൾക്കൊണ്ട് ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിനും കർഷകനെ പ്രാപ്തനാക്കുകയാണ് സ്മാർട്ട് കൃഷിഭവൻ കൊണ്ടുള്ള മറ്റൊരു ലക്ഷ്യം. കാലക്രമത്തിൽ സ്മാർട്ട് കൃഷിഭവൻ പ്രാദേശിക കാർഷിക സർവ്വകലാശാല പോലെയുള്ള ഒരു യൂണിറ്റായി പ്രവർത്തിക്കും. കൃഷിഭവൻ മാർട്ട് ആവുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആധുനിക സൗകര്യങ്ങളോടുകൂടിയ കൃഷിഭവൻ നിലവിൽ വന്നു എന്ന് മാത്രമല്ല, കൃഷി ഉദ്യോഗസ്ഥരുടെ സേവനവും കൃഷിയും ആധുനിക രീതി അനുസരിച്ച് മെച്ചപ്പെടേണ്ടതുണ്ട്. കർഷകന് ലഭിക്കുന്ന സേവനം സ്മാർട്ട് ആവുക എന്നത് കൂടിയാണ് സ്മാർട്ട് കൃഷിഭവൻ കൊണ്ട് ഉദ്ദേശിക്കുന്നത്. അതോടൊപ്പം തന്നെ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്നതിന് ആവശ്യമായ ഉൽപ്പാദന പ്രക്രിയയിൽ കർഷകരെ എത്തിക്കുക എന്നതും സ്മാർട്ട് കൃഷിഭവന്റെ ലക്ഷ്യം തന്നെയാണ്. നിർമിത ബുദ്ധിയുടെ പ്രയോഗം കൃഷിയിൽ കൊണ്ടുവരുന്നതിനോടൊപ്പം തന്നെ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് ആവശ്യമായ നവീന പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കും. കൃഷിയിടാധിഷ്ഠിത കൃഷിക്ക് പ്രാധാന്യം നൽകും. അന്തസാർന്ന ജീവിതം നയിക്കാൻ കർഷകരെ പ്രാപ്തരാക്കും. കൃഷിമന്ത്രി പി പ്രസാദ് കൂട്ടിച്ചേർത്തു

### തൃക്കരിപ്പൂർ മണ്ഡലത്തെ കൂൺ ഗ്രാമമായി പ്രഖ്യാപിച്ചു

തൃക്കരിപ്പൂർ മണ്ഡലത്തെ കൂൺ ഗ്രാമമായി പ്രഖ്യാപിച്ച് കൃഷിമന്ത്രി പി പ്രസാദ്. 30 ലക്ഷം രൂപ കൂൺ ഗ്രാമത്തിന്റെ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കും.

ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ തടയുന്നതിൽ പ്രമുഖമായ സ്ഥാനമാണ് കൂണിന് ഉള്ളത്. കൂൺ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന കർഷകർക്ക് ആവശ്യമായ പരിശീലനം കൊടുക്കും. കൂണിൽ നിന്നുള്ള വിവിധ മൂല്യ വർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ പരിശീലനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കും. കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു.

കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ഹാളിൽ വച്ച് ചേർന്ന പരിപാടിയിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലം എം എൽ എ.എം രാജഗോപാലൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ബേബി ബാലകൃഷ്ണൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മാധവൻ മണിയറ, കൃഷി അഡീഷണൽ ഡയറക്ടർ സപ്ന എസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ രാഘവേന്ദ്ര പി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ മിനി മേനോൻ.പി, നീലേശ്വരം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബിന്ദു. കെ, ജില്ലാ പഞ്ചായത്ത് ചെയർപേഴ്സൺ ശകുന്തളാ കെ, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശാന്താ എം, കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ലത കെ ടി, രമേശൻ, എൽ എസ് ജി ഡി അസിസ്റ്റന്റ് എൻജിനീയർ അനിത കെ, മറ്റ് ത്രിതല ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ കൃഷി -ഗ്രാമ പഞ്ചായത്ത് ഉദ്യോഗസ്ഥർ, കർഷകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അജിത് കുമാർ എ ജി സ്വാഗതവും കൃഷി ഓഫീസർ അംബുജാക്ഷൻ ടി നന്ദിയും പറഞ്ഞു.

# പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തുന്നതിലൂടെയാണ് നമ്മൾ സ്മാർട്ട് ആകുന്നത് – കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ്



നമ്മുടെ ഭാവി നമ്മുടെ കൃഷി അടിസ്ഥാനമാക്കിയാണെന്നും പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തതയിലെത്തുന്നതിലൂടെയാണ് നമ്മൾ സ്മാർട്ട് ആകുന്നതെന്നും കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ്. ചിറയിൻകീഴ് എം.എൽ.എ. വി ശശിയുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച കിഴുവിലം കൃഷിഭവൻ മന്ദിരം ഉദ്ഘാടനം നിർവഹിച്ച സംസാരിക്കുകയായിരുന്ന മന്ത്രി.

2050 അവസാനത്തോടെ ലോകജനസംഖ്യ 1000 കോടി കടക്കും എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. പാർപ്പിടത്തിന്റെ കാര്യത്തിൽ പ്രതിസന്ധികൾ ഉണ്ടാകില്ലെങ്കിലും ഭക്ഷണലഭ്യത ലോകം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയാകുമെന്ന് മന്ത്രി ചൂട്ടിച്ചേർത്തു. നമ്മുടെ ആരോഗ്യവും നമ്മുടെ വിശപ്പുമൊക്കെ മറ്റുള്ളവരുടെ കച്ചവട ഉപാധിയായി മാറാതിരിക്കാൻ നമ്മൾ അതീവ ജാഗ്രത പുലർത്തണം. ആരോഗ്യകരമായ ഒരു യുവ തലമുറയെ വാർത്തെടുക്കേണ്ടത് അനിവാര്യമാണ്. കേവലം കൃഷിഭവന്റെ അടിസ്ഥാന




സൗകര്യം മെച്ചപ്പെടുത്തിയതിലൂടെയോ, ഐ.റ്റി. സംവിധാനങ്ങൾ മെച്ചപ്പെടുത്തിയതിലൂടെയോ കൃഷി സ്മാർട്ടാകുന്നില്ല. പഴം-പച്ചക്കറികളുടെയും, ഇലവർഗ്ഗങ്ങളുടെയും, കിഴങ്ങുവർഗ്ഗങ്ങളുടെയും കാര്യത്തിൽ നമുക്ക് സ്വയംപര്യാപ്തമാകാൻ കഴിയണം അങ്ങനെ മാത്രമേ നമുക്ക് സ്മാർട്ട് ആകാൻ കഴിയൂ. കൃഷിയോഗ്യമായ ഓരോ ഇഞ്ച് ഭൂമിയിലും കൃഷി ചെയ്യെങ്കിൽ മാത്രമേ നമുക്ക് ഈ ലക്ഷ്യം കൈവരിക്കാൻ സാധിക്കൂ മന്ത്രി പറഞ്ഞു. ഓരോ പ്രദേശത്തെയും ജനങ്ങൾ അനുഭവിക്കുന്ന പോഷകാഹാരക്കുറവ് എന്താണെന്ന് കണ്ടെത്തി അത് പരിഹരിക്കാൻ ഉതകുന്ന കാർഷിക രീതികൾ അനുവർത്തിക്കുന്ന പദ്ധതികൾ നമുക്ക് രൂപീകരിക്കാൻ കഴിയണം, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളോട് മന്ത്രി ആഹ്വാനം ചെയ്തു. ഈ വരുന്ന

ഓണം വിഷരഹിതമാക്കുന്നതിനു കർഷകർ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു.

കാർഷിക മേഖലയുടെ ഉന്നമനത്തിനായി ചിറയിൻകീഴ് നിയോജക മണ്ഡലം ചെയ്യുന്ന മാതൃകാപരമായ പ്രവർത്തികൾക്കും എം.എൽ.എ.യുടെ പ്രത്യേക താല്പര്യത്തിനും അഭിനന്ദനങ്ങൾ അറിയിച്ച മന്ത്രി ചിറയിൻകീഴ് കാർഷിക ബ്ലോക്കിൽ പുതുതായി കൂൺ ഗ്രാമം പദ്ധതി അനുവദിച്ചതായി പ്രഖ്യാപിച്ചു. ചിറയിൻകീഴ് എം.എൽ.എ. വി ശശി അധ്യക്ഷനായ ചടങ്ങിൽ, കിഴുവിലം പഞ്ചായത്ത് പ്രസിഡന്റ് രജിത ആർ സ്വാഗതം ആശംസിച്ചു. ഓരോ വാർഡുകളിൽ നിന്നും തിരഞ്ഞെടുത്ത കർഷക, കർഷക തൊഴിലാളി പ്രതിനിധികളെ മന്ത്രി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ പി. സി എന്നിവർ ചേർന്ന് ആദരിച്ചു.

പരിപാടിയോടാനുബന്ധിച്ച് സംഘടിപ്പിച്ച ഞാറ്റുവേല ചന്ത ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എ. ഷൈലജ ബീഗം ഉദ്ഘാടനം നിർവ്വഹിച്ചു. പ്രിൻസിപ്പൽ കൃഷി ഓഫീസർ മേരി കെ അലക്സ് പദ്ധതി വിശദീകരണം നടത്തി. ഓണത്തിനോടനുബന്ധിച്ച് കിഴുവിലം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പൂവനി - പുഷ്പകൃഷി പദ്ധതി പ്രഖ്യാപനവും വേദിയിൽ നടന്നു. ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ആർ. ശ്രീകണ്ഠൻ നായർ, ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ കവിത സന്തോഷ്, ഗ്രാമ പഞ്ചായത്ത് പ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിന് കൃഷി ഓഫീസർ രതീഷ് കുമാർ റ്റി നന്ദി പ്രകാശിപ്പിച്ചു.

# എയിംസ് (AIMS) പോർട്ടലിന്റെ നവീകരിച്ച രണ്ടാം പതിപ്പ് 2025 ജൂലൈ 15 മുതൽ




പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള ധനസഹായത്തിനായി കർഷകർക്ക് അപേക്ഷകൾ സമർപ്പിക്കാൻ തയ്യാറാക്കിയ എയിംസ് (AIMS) പോർട്ടലിന്റെ നവീകരിച്ച രണ്ടാം പതിപ്പ് 2025 ജൂലൈ 15 മുതൽ പ്രവർത്തനമാരംഭിക്കുമെന്ന് കൃഷി വകുപ്പ് ഔദ്യോഗികമായി അറിയിച്ചു. കർഷകർക്ക് കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമായ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാറ്റം. നിലവിൽ പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശത്തിനുള്ള ദുരിതാശ്വാസ പദ്ധതിയിലെ അപേക്ഷകൾ മാത്രമാണ് പുതിയ പോർട്ടലിലേക്ക് മാറ്റുന്നത്. ഇത് കർഷകർക്ക് കൂടുതൽ ലളിതമായി അപേക്ഷകൾ സമർപ്പിക്കുന്നതിന് സഹായിക്കും. നിലവിൽ ലഭ്യമായ യൂസർ ഐ.ഡി., പാസ്സ്‌വേർഡ് ഉപയോഗിച്ച് തന്നെ പുതിയ പോർട്ടലായ aimsnew.kerala.gov.in-ൽ ലോഗിൻ ചെയ്യാൻ കഴിയും. വന്യജീവി ആക്രമണം മൂലമുള്ള കൃഷി നാശനഷ്ടങ്ങൾക്കുള്ള അപേക്ഷകൾ കൂടി ഇനി മുതൽ സമർപ്പിക്കാം എന്നതാണ് എയിംസ് പോർട്ടൽ പുതിയ പതിപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത. ഇത് വന്യജീവി ആക്രമണം മൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് വലിയ ആശ്വാസമാകും. അപേക്ഷ സമർപ്പിക്കുമ്പോൾ സ്ഥലവിവരങ്ങൾ വീണ്ടും ചേർക്കേണ്ടതില്ല എന്നത് കർഷകർക്ക് ഏറെ സഹായകമാകും. എന്നാൽ വിള വിവരങ്ങൾ ആവശ്യമെങ്കിൽ പുതിയ പോർട്ടലിൽ ചേർക്കാൻ അവസരമുണ്ടാകും. നിലവിൽ തീർപ്പുകല്പിക്കപ്പെടാതെയുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി (സ്റ്റാറ്റസ്) മനസിലാക്കുന്നതിന് കർഷകർ പഴയ പോർട്ടൽ തന്നെ സന്ദർശിക്കണം. അതോടൊപ്പം വിള ഇൻഷ്വറൻസ്, നെൽവയൽ റോയൽറ്റി തുടങ്ങിയ മറ്റ് പ്രധാന സേവനങ്ങൾ തൽക്കാലം പഴയ പോർട്ടലിൽ തന്നെ തുടരുമെങ്കിലും ഉടനെ തന്നെ മുഴുവൻ സേവനങ്ങളും പുതിയ പോർട്ടലിലേക്ക് മാറ്റാനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. കർഷകർക്കും പൊതുജനങ്ങൾക്കും പുതിയ പോർട്ടൽ പരിചയപ്പെടുന്നതിനു വിശദമായ വീഡിയോ ട്യൂട്ടോറിയലുകളും യൂസർ മാനുവലുകളും കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ keralaagriculture.gov.in-ൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് കർഷകർക്ക് പുതിയ സംവിധാനവുമായി വേഗത്തിൽ പൊരുത്തപ്പെടാൻ സഹായകരമാകും.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. V. Krishnadas., Design & Layout : Maya Santhosh